എഞ്ചിനീയർമാർക്ക് അതാത് വിംഗുകളിലെ സർക്കിളടിസ്ഥാനത്തിലുള്ള സ്ഥലംമാറ്റ അധികാരം നൽകുന്ന കാര്യം പരിശോധിക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) 7-10-1999-ലെ ജി. ഒ. (ആർ. ടി.) 918/99/പി.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം ഡിപ്പാർട്ടുമെന്റിലെ ചീഫ് എൻജിനീയർ ആഫീസിലെ സ്ഥലം മാറ്റത്തിന് കീഴുദ്യോഗസ്ഥനായ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അധികാരം സിദ്ധിക്കുന്നത് ഡിപ്പാർട്ടുമെന്റിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോ എന്നു പരിശോധിക്കുമോ ;

(എച്ച്) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് എൻജിനീയറുടെ ആഫീസിലെ ഏതെങ്കിലും ഉദ്യോസ്ഥനെ സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്ഥലം മാറ്റിയിട്ടുണ്ടോ ;

(ഐ) ഇതു സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ചീഫ് എഞ്ചിനീയറുടെ ആഫീസിൽ നിന്നും ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആരായുകയുണ്ടായിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പി.ഡബ്ല്യു.ഡി. കോഡ് അനുസരിച്ച് അസിസ്റ്റന്റ് എൻജിനീയർമാർ വരെയുള്ള ഗസറ്റഡ് ആഫീസർമാരുടെ നിയമനത്തിനും സ്ഥലംമാറ്റത്തിനുമുള്ള അധികാരം ചീഫ് എൻജിനീയറിൽ നിക്ഷിപ്തമാണ്.

(ബി-ഐ) വിവരം ശേഖരിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരിച്ച ഓഫീസുകൾ

100 (3741) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. കെ. മുനീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഏതൊക്കെ ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട് ;

(ബി) സി. ഇ. ഓഫീസുകൾ മുതൽ സെക്ഷൻ ഓഫീസുകൾ വരെ സംസ്ഥാനമൊട്ടാകെ കമ്പ്യൂട്ടർ ശൃംഖലയിൽ കൊണ്ടുവരുന്നതിനും പ്രസ്തുത ശൃംഖല സെക്രട്ടേറിയറ്റുമായി ബന്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ ഡ്രിക്ക് ബോർഡ് ഭാഗികമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ ഓഫീസിലെ തന്നെ ഇതര വിഭാഗങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സി.ഇ. ഓഫീസിലെ എല്ലാ വിഭാഗങ്ങളും ഒരു നെറ്റുവർക്കിന്റെ കീഴിൽ കൊണ്ടുവരുന്ന നടപടി ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. സെക്ഷൻ ഓഫീസുകൾ, സി. ഇ. ഓഫീസുകൾ, സെക്രട്ടേറിയേറ്റ് ഇവയെല്ലാം കൂടി ഒരു ശൃംഖലയുടെ കീഴിൽ കൊണ്ടുവരുന്ന പ്രവർത്തനം ഘട്ടംഘട്ടമായി ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിലെ സീനിയോറിറ്റി സെല്ലിലെ പ്രവർത്തന കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടി

101 (3742) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള പൊതുമരാമത്ത് വകുപ്പിലെ സീനിയോറിറ്റി സെല്ലിന്റെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റാലം പാലസിന്റെ മേൽനോട്ടവും ഭരണവും

102 (3743) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കുറ്റാലം പാലസിന്റെ മേൽനോട്ടവും ഭരണവും ഏത് ഉദ്യോഗസ്ഥനിലാണ് നിക്ഷിപ്തമായിട്ടുള്ളത് ;

(ബി) ഭരണവും മേൽനോട്ടവും പാരമ്പര്യമായി നടത്തിവരുന്ന വ്യക്തികളിലാണ് എങ്കിൽ അതിന് ആധാരമായിട്ടുള്ള കാര്യങ്ങളെന്താണ് ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇപ്പോൾ കുറ്റാലം പാലസ് സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നതാരാണ് ; ഇദ്ദേഹത്തിന്റെ പേരു വിവരവും യോഗ്യതയും വെളിപ്പെടുത്തുമോ ;

(ഡി) പാലസ് സൂപ്രണ്ട് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വിവിധ സംസ്ഥാനങ്ങളിലായി അനധികൃത കൈയേറ്റത്തിന് വിധേയമായിട്ടുള്ളതുമായ വസ്തുവകകളുണ്ടോ ; എങ്കിൽ ഏതെല്ലാം ;

(എഫ്) അവ വീണ്ടെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly